പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.3025

20.12.2012ൽ
മറുപടിക്ക്

## വരട്ടാറിന്റെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.പി.സി.വിഷ്ണുനാഥ് : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിലൂടെ പമ്പയാറിനെയും മണിമലയാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വരട്ടാറിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പത്തനംതിട്ട ജില്ലാകളക്ടറിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നദിയിലെ അനധികൃത മണൽ ഖനനം നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | പത്തനംതിട്ട ജില്ലയിൽ വരട്ടാർ ഉൾപ്പെടുന്ന ഭാഗങ്ങളിലെ അനധികൃത മണൽ ഖനനം തടയുന്നതിന് തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിലുള്ള റവന്യൂ സ്ക്വാഡിനും പോലീസിനും കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ടി സ്ഥലങ്ങളിൽ ശക്തമായ പട്രോളിംഗ് നടത്തിവരുന്നതുമാണ്. |
| (സി) | പ്രസ്തുത നദിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ: | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വരട്ടാറിന്റെ പുനർജീവനത്തിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | (ഡി) | വരട്ടാറ് രണ്ട് ഭാഗങ്ങളിലായി ഉദ്ദേശം 14 കിലോമീറ്റർ നീളത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ ഉത്ഭവ സ്ഥാനമായ വഞ്ചിപ്പോട്ടിൻ ഭാഗത്ത് 300 മീറ്ററിലധികം വീതിയുണ്ട്. ഇവിടെ പമ്പാ നദിയുടെ ഇപ്പോഴത്തെ ജല നിരപ്പിനേക്കാൾ ഉദ്ദേശം 4 മീറ്റർ ഉയരത്തിൽ മണൽ നിക്ഷേപം ഉണ്ട്. വരട്ടാർ കടന്നുപോകുന്ന ഭാഗങ്ങളിൽ ഉദ്ദേശം 30 മീറ്റർ വീതിയിലും 7 മീറ്റർ താഴ്ചയിലും ഉള്ള 20,50,000 ച.മീ. (4,10,000 ലോഡ്) മണൽ നിക്ഷേപം ഉള്ളതും ആയത് ഖനനം ചെയ്യുകയാണെങ്കിൽ മണൽ ക്ഷാമത്തിന് പരിഹാരവും നദിയുടെ നീരൊഴുക്ക് പുനസ്ഥാപിക്കുന്നതിനും കഴിയുന്നതാണ്. ഇത് സംബന്ധമായി ആലപ്പുഴ ജില്ലാ കളക്ടർ 05-12-2012 ന് യോഗം നടത്തിയിട്ടുള്ളതും യോഗതീരുമാന പ്രകാരം വിശദമായി പഠനം നടത്തുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്-നെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ